1120/ജെ/2007/കെ.എസ്.എച്ച്.ഒ 25..04..2017

# സർക്കുലർ

വിഷയം:- 14-ാം കേരളാ നിയമസഭ - 5-ാം സമ്മേളനം - നിയമസഭാ ചോദ്യങ്ങൾക്ക് - മറുപടി നൽകുന്നത് - സംബന്ധിച്ച്

2017 ഫെബ്രുവരി 23 മുതൽ ആരംഭിക്കുന്ന 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 2017 ഏപ്രിൽ 25, മെയ് 3,10,17,24,31, ജൂൺ 7 എന്നീ തീയതികളിൽ ബഹു:കേരളാ മുഖ്യമന്ത്രിയും 2017 മെയ് 2,9,16,23,30, ജൂൺ6, തീയതികളിൽ ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ചോദ്യോത്തര വേളയിൽ ബന്ധപ്പെട്ട വിഷയങ്ങൾക്ക് മറുപടി നൽകുന്നതാണ്. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യവും പ്രസക്തവുമായ മറുപടി സമയബന്ധിതമായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും ഒരേ വിഷയത്തിൽ വ്യത്യസ്ത വിവരങ്ങൾ നൽകുന്നത് ഒഴിവാക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതുമാണ്. ആയതിനാൽ നിയമസഭാ സമ്മേളന കാലയളവിൽ എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ ഓഫീസിൽ ഉണ്ടായിരിക്കേണ്ടതും ഏറ്റവും ഉയർന്ന പരിഗണന നൽകി നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സമയബന്ധിതമായും കൃത്യതയോടെയും ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

ഈ വിഷയത്തിന്മേൽ വരുത്തുന്ന വീഴ്ചകൾ ഗൗരവമായി കണക്കിലെടുക്കുന്നതാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഡയറക്ടർ (എ&എഫ്)
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

പകർപ്പ്

എല്ലാ പ്രോഗ്രാം ഓഫീസർമാർ/ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (എസ്&എൽ)/
എല്ലാ സെക്ഷനുകൾക്കും
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
വെബ് അഡ്മിനിസ്ട്രേറ്റർ

അധികം/കരുതൽ
വെബ്സൈറ്റ്